# റമദാനിൽ ബദർ ശുഹദാക്കൾക്ക് വേണ്ടി യാസീൻ, മൗലിദ്, ഫാതിഹ എന്നിവ പാരായണം ചെയ്യൽ ?

[ Malayalam - മലയാളം - مليالم ]

[يقرؤون المولد وسورة يس وسورة الفاتحة لشهداء بدر من شهر رمضان ؟]


ഇസ്‌ലാമിക ഫത്‌വാ ബോർഡ് - സൗദി അറേബ്യ

إعداد : اللجنة الدائمة للبحوث العلمية والإفتاء


darlifta.net - ഫത്‌വ നമ്പർ 1122


വിവർത്തനം: ശാക്കിർ ഹുസൈൻ സ്വലാഹി

إعداد : شاكر حسين صلاحي



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض المملكة العربية السعودية

islamhouse.com

1432 — 2011

بسم الله الرحمن الرحيم

**ചോ:** ചില ആളുകൾ റമദ്വാൻ പതിനേഴിന് ഹനഫി പള്ളിയിൽ ഒരുമിച്ചിരുന്ന് ബദർ ശുഹദാക്കൾക്ക് വേണ്ടി യാസീൻ, മൗലിദ്, ഫാതിഹ എന്നിവയെല്ലാം പാരായണം ചെയ്യുന്നത് കാണാം പാരായണ ശേഷം അവർക്ക് വേണ്ടി (ശുഹദാക്കൾക്ക്) പ്രാർഥിക്കുകയും ചെയ്യുന്നു. യാസീൻ, മൗലിദ്, ഫാതിഹ ഇവ പാരായണം ചെയ്ത് ചില പ്രാർഥനകൾ ഉരുവിടുന്നത് കാണാം ഇത് ഇസ്‌ലാം മതത്തിൽ പാടുള്ളതാണോ? അല്ലെ? സലക്ഷ്യം വിവരിച്ചാലും...
അല്ലാഹു നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ.

الحمد لله وحده والصلاة والسلام على رسوله وآله وصحبه .. وبعد

**ഉ :** നബി(ﷺ)യുടെ മഹത്വവും ഉന്നതമായ സ്ഥാനവും പ്രമാണങ്ങളിൽ സുവിദിതമാണ് അദ്ദേഹം അവസാനത്തെ പ്രവാചക(ﷺ)നും, സൃഷ്ടികളിൽ ശ്രേഷ്ടനും, അവന്റെ സൃഷ്ടികളിൽ നിന്ന് പ്രവാചകത്വത്തിന് തെരെഞ്ഞെടുത്തവനും,അല്ലാഹു ഇഷ്ടപ്പെട്ട ദാസനുമാകുന്നു,തന്റെ മാതാപിതാക്കളേക്കാളും, സ്വന്തത്തെക്കാളും, മക്കളേക്കാളും, ഇതര ജനങ്ങളേക്കാളും നബി(ﷺ)യെ സ്നേഹിക്കാതെ ഒരാൾക്ക് വിശ്വാസിയാകാൻ സാധ്യമല്ല, നബി(ﷺ)യാണ് നമ്മിലേക്ക് ഇസ്‌ലാമിക ശരീഅത്ത് കൊണ്ടു വന്നത്, മതം പൂർത്തിയാക്കിയതിന് ശേഷമാണ് മുഹമ്മദ് നബി(ﷺ) ദിവംഗതനായത്. മതം പൂർത്തിയാക്കുക മൂലം തന്റെ ദാസൻമാരുടെ മേലുള്ള അനുഗ്രഹം അല്ലാഹു നിർവഹിച്ചു.

ബദർ യുദ്ധത്തിലും ഇതര യുദ്ധങ്ങളിലും പങ്കെടുത്ത് വീരമൃത്യു വരിച്ചവർക്ക് ഉന്നതസ്ഥാനമുണ്ടെന്നതും ഖുർആനിലും ഹദീസിലും സ്ഥിരപ്പെട്ട വസ്തുതയാകുന്നു, എന്നാൽ ബദർ യുദ്ധ ശേഷം നബി(ﷺ) പത്ത് വർഷക്കാലം ജീവിച്ചു റമദ്വാൻ പതിനേഴിന് സ്വന്തത്തിന് വേണ്ടിയോ ബദർ ശുഹദാക്കൾക്ക് വേണ്ടിയോ, മറ്റേതെങ്കിലും ശുഹദാക്കളുടെ പേരിലോ മൗലിദോ, യാസീനോ, ഫാതിഹയോ ഒറ്റക്കോ കൂട്ടായോ അവിടുന്ന് പാരായണം ചെയ്തതായി സ്ഥിരപ്പെട്ടു വന്നിട്ടില്ല. റമദ്വാൻ പതിനേഴിനോ മറ്റു ദിവസങ്ങളിലോ അപ്രകാ

രം ചെയ്തതായി നബി(ﷺ)യിൽ നിന്നോ അനുചരൻമാരിൽ നിന്നോ സ്ഥിരീകരിച്ചിട്ടില്ല, അപ്രകാരം ചെയ്യൽ മതപരമായ കാര്യമായിരുന്നെങ്കിൽ സഹാബത്തിൽ നിന്ന് വിഷയം റിപ്പോർട്ട് ചെയ്യുകയും ഉത്തരാധികൾ അത് പിൻപറ്റുകയും ചെയ്യുമായിരുന്നു ഏതെങ്കിലുമൊരു നന്മ അവിടുന്ന് നമുക്ക് വിവരിച്ച് തരാതിരുന്നിട്ടില്ല, ആരാധനാകാര്യങ്ങളാകട്ടെ നബി(ﷺ)യുടെ മാതൃകയില്ലാതെ പ്രവർത്തിക്കാൻ പാടില്ലതാനും പ്രവാചകൻ(ﷺ) ഖബർ സന്ദർശിക്കുകയും ശുഹദാക്കളടക്കമുള്ള ഖബറാളികൾക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തതായി മാത്രമേ സ്ഥിരപ്പെട്ടുവന്നിട്ടുള്ളൂ, തന്റെ മൗലിദോ, സൂറത്ത് യാസീനോ, ഖുർആനിൽ നിന്ന് മറ്റേതെങ്കിലും അധ്യായമോ, സൂക്തമോ ഖബർ സന്ദർശനവേളയിൽ പാരായണം ചെയ്തതായി പ്രമാണങ്ങളിൽ വന്നിട്ടില്ല.

പ്രവാചകൻ(ﷺ)യിൽ നിന്നോ ഉത്തരാധികാരികളിൽ നിന്നോ സ്ഥിരപ്പെട്ടു വരാത്ത, റമദ്വാൻ പതിനേഴിലെ മൗലിദോ, യാസീനോ, ഫാതിഹയോ പാരായണം ചെയ്യൽ തനിച്ച നൂതനാചാരമാകുന്നു അതിന് വേണ്ടി ഒരുമിച്ച് ചേരലും, പ്രത്യേക ദിവസം നിശ്ചയിക്കലും ശേഷം പ്രാർഥിക്കലും അനാചാരം തന്നെ, ഒരു മുസ്ലിം നബി (ﷺ)യിൽ നിന്ന് സ്ഥിരപ്പെട്ടവ കൊള്ളാനും, മറ്റുള്ളവ തള്ളാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു, അല്ലാഹുവിന്റേയും റസൂലി(ﷺ)ന്റേയും നിർദേശങ്ങളില്ലാത്ത എല്ലാ മതകർമങ്ങളും (ബിദ്അത്ത്)പുത്തനാചാരങ്ങളാകുന്നു. പ്രവാചക(ﷺ)വചനം നോക്കൂ..

من أحدث في أمرنا هذا ما ليس منه فهو رد ( البخاري ، مسلم ، أبو داود ، ابن ماجه ، أحمد بن حنبل)

“നമ്മുടെ ഈ മതത്തിലില്ലാത്ത ഒരു കാര്യം ആര് പുതുതായി നിർമിച്ചാലും അത് തള്ളപ്പെടേണ്ടതാകുന്നു” (ബുഖാരി, മുസ്ലിം, അബൂദാവൂദ്, ഇബ്നുമാജ, അഹ്മദ് ഇബ്നു ഹമ്പൽ)

وبالله التوفيق ، وصلى الله على نبينا محمد وآله وصحبه وسلم .

**اللجنة الدائمة للبحوث العلمية والإفتاء**

| عضو | عضو | نائب رئيس اللجنة | الرئيس |
|---|---|---|---|
| عبد الله بن قعود | عبد الله بن غديان | عبد الرزاق عفيفي | عبد العزيز بن عبد الله بن باز |

**فتوى رقم ( 1122 ) :**

**( الجزء رقم : 3 ، الصفحة رقم: 13)**

******************